പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.48 — 28.10.2019-ൽ മറുപടിക്ക്

## പി.എസ്.സി. പരീക്ഷയുടെ വിശ്വാസ്യത

**ചോദ്യം**

ശ്രീ. അനിൽ അക്കര

,, റോജി എം. ജോൺ

,, അൻവർ സാദത്ത്

,, ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എ.പി. നാലാം ബറ്റാലിയനിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഒരു വിദ്യാർത്ഥി സംഘടനയുടെ നേതാക്കൾ ഉയർന്ന റാങ്ക് കരസ്ഥമാക്കിയ സംഭവം പി.എസ്.സി.യുടെ വിശ്വാസ്യതയ്ക്ക് കോട്ടം ഉണ്ടാക്കിയെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് (കെ.എ.പി നാല് ബറ്റാലിയൻ) കാസർഗോഡ് നടന്ന പരീക്ഷയിൽ ക്രമക്കേട് നടന്നു എന്ന പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. പി.എസ്.സി. പരീക്ഷകൾ കൂടുതൽ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടത്തുന്നതിന് കർശന മാർഗ്ഗ നിർദ്ദേശങ്ങൾ പി.എസ്.സി. ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ കൃത്രിമത്വം കാട്ടാതിരിക്കുവാനുള്ള കർശന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കർശന വ്യവസ്ഥകളാണ് പരീക്ഷാ നടത്തിപ്പിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | ലക്ഷക്കണക്കിന് തൊഴിൽരഹിതരായ യുവതി യുവാക്കൾ പ്രതീക്ഷ അർപ്പിച്ചിരിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.യുടെ നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് പി.എസ്.സി.യുടെ ഭാഗത്ത് നിന്നും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ